CYAN MAGENTA YELLOW BLACK

മനസ്സറിയുക ശരീരവും

ഡോ. (സി.) ഷാലു കോയിക്കര

# കുട്ടികളിലെ അപകർഷതാബോധം

**താ**നൊന്നുമല്ല എന്നുള്ള ആഴമായ, അബോധമനസ്സിന്റെ ഭാവമാണ് അപകർഷതാബോധമെന്നത്. ആൽഫ്രഡ് അഡ്ലർ ആണ് ഈ ആശയം ആദ്യമായി അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ ആദ്യ തത്വമനുസരിച്ച് മനസ്സിന്റെ ഈ അവസ്ഥ ഏതെങ്കിലും അവയവത്തിലുണ്ടാകുന്ന രോഗത്തോടോ മറ്റു കുറവുകളോടോ ബന്ധപ്പെട്ടാണിരിക്കുന്നത്. എന്നാൽ ഈ കുറവിനെ വസ്തുനിഷ്ഠമായി കണ്ടു പരിഹരിക്കാൻ അപകർഷതാബോധത്തിനു അടിമയായ വ്യക്തിക്കും സാധിക്കില്ല.

കൗമാരപ്രായത്തിലുള്ള കുട്ടികൾക്കു തങ്ങളുടെ കഴിവനുസരിച്ച് ഉയർന്നുവരാൻ കഴിയാത്തതിന്റെ കാരണം പലപ്പോഴും അപകർഷതാബോധമാണ്. തന്റെ ഏതെങ്കിലും കാര്യത്തിലുള്ള കഴിവു കുറവുമായി അവൻ താദാത്മ്യപ്പെടുന്നു. തന്നിലുള്ള കഴിവുകളെപ്പോലും അംഗീകരിക്കാൻ അവൻ തയ്യാറാകില്ല. തന്നെക്കുറിച്ച് തന്നെ വളരെ വികലമായ കാഴ്ചപ്പാടാണു അവനുള്ളത്.



ആൽഫ്രഡ് അഡ്ലർ

തന്റെ കുറവുകളെ അവൻ പർവ്വതീകരിക്കുകയും കഴിവുകളെ ചെറുതാക്കി കാണുകയും ചെയ്യുന്നു. തനിക്കുണ്ടാകുന്ന വിജയങ്ങളുടെയൊക്കെ കാരണമായി കാണുന്നത് ഭാഗ്യത്തെയോ, മറ്റുള്ളവരുടെ ഔദാര്യത്തെയോ, അനുകൂലമായ കാലവസ്ഥയെയോ ഒക്കെ ആയിരിക്കും. എന്നാൽ പരാജയങ്ങളുടെ പൂർണ ഉത്തരവാദിത്വം ഇത്തരക്കാർ സ്വയം ഏറ്റെടുക്കും.

മറ്റുള്ളവർ അനുമോദിച്ചാലും അംഗീകരിച്ചാലും അതൊന്നും ഉൾക്കൊള്ളാൻ ഇവർക്കു കഴിയുകയില്ല. അത് മറ്റുള്ളവരുടെ നന്മകൊണ്ടു പറഞ്ഞതാണ് എന്ന മനോഭാവമായിരിക്കും. ഒരു കാര്യം എത്ര നന്നായി ചെയ്താലും അതു ഭംഗിയായിരുന്നു എന്നു സ്വയം അംഗീകരിക്കാൻ സാധിക്കുകയില്ല. മാത്രമല്ല അതിലുള്ള കുറവുകൾ സ്വയം കണ്ടുപിടിക്കും. അതുകൊണ്ടു തന്നെ ചെയ്യുന്നതിലൊന്നും അപകർഷതാബോധത്തിന് അടിമയായവർക്ക് സംതൃപ്തിയുണ്ടാവില്ല.

അപകർഷതാബോധമുള്ളവർ മറ്റുള്ളവരുമായി സ്വയം താരതമ്യം ചെയ്യും. തന്നിൽ നിന്നും ഉയർന്ന നിലയിൽ നില്ക്കുന്നവരുമായിട്ടായിരിക്കും താരതമ്യം ചെയ്യുന്നത്. അതിൽ നിന്നും താൻ അവരെക്കാളൊക്കെ കഴിവു കുറഞ്ഞവനാണ് എന്ന നിഗമനത്തിലെത്തും. തരംതാഴ്ത്തൽ ഇവരുടെ ആവശ്യമായിരിക്കും. നിഷേധാത്മക ചിന്തകളാകും ഇവരെ ഭരിക്കുന്നത്.

**കൗമാരപ്രായത്തിലുള്ള കുട്ടികൾ തങ്ങളുടെ കഴിവനുസരിച്ച് ഉയർന്നുവരാൻ കഴിയാത്തതിന്റെ കാരണം പലപ്പോഴും അപകർഷതാബോധമാണ്. തന്റെ ഏതെങ്കിലും കാര്യത്തിലുള്ള കഴിവു കുറവുമായി അവൻ താദാത്മ്യപ്പെടുന്നു. തന്നിലുള്ള കഴിവുകളെപ്പോലും അംഗീകരിക്കാൻ അവൻ തയ്യാറാകില്ല. തന്നെക്കുറിച്ച് തന്നെ വളരെ വികലമായ കാഴ്ചപ്പാടാണു അവനുള്ളത്. തന്റെ കുറവുകളെ അവൻ പർവ്വതീകരിക്കുകയും കഴിവുകളെ ചെറുതാക്കി കാണുകയും ചെയ്യുന്നു. തനിക്കുണ്ടാകുന്ന വിജയങ്ങളുടെയൊക്കെ കാരണമായി കാണുന്നത് ഭാഗ്യത്തെയോ, മറ്റുള്ളവരുടെ ഔദാര്യത്തെയോ, അനുകൂലമായ കാലവസ്ഥയെയോ ഒക്കെ ആയിരിക്കും. എന്നാൽ പരാജയങ്ങളുടെ പൂർണ ഉത്തരവാദിത്വം ഇത്തരക്കാർ സ്വയം ഏറ്റെടുക്കും.**



പരാജയങ്ങളിൽ അമിതമായി ദുഃഖിക്കുന്നവരും പെട്ടെന്നു മനംമടുത്തു പരിശ്രമങ്ങളിൽ നിന്നു പിന്മാറുന്നവരുമായിരിക്കും ഇവർ. എന്നാൽ ഇവരുടെ ആഗ്രഹങ്ങൾ വളരെ വലുതായിരിക്കും. യാഥാർത്ഥ്യവുമായി പൊരുത്തമില്ലാത്ത ആശകളും ലക്ഷ്യങ്ങളും വച്ചുപുലർത്തുന്നതു കൊണ്ടു പലപ്പോഴും ഇച്ഛാഭംഗമായിരിക്കും ഫലം.

മാതാപിതാക്കളിൽ നിന്നു കിട്ടേണ്ട സ്നേഹവും അംഗീകാരവുമൊക്കെ കുട്ടിക്കു നിരാകരിക്കപ്പെടുന്നത് ഇങ്ങനെയൊരു മാനസികാവസ്ഥ രൂപപ്പെടാൻ കാരണമാകും. അതൊരു കുറവായിത്തന്നെ മനസ്സിന്റെ അഗാധതലങ്ങളിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കും.

ഒന്ന്, ഏതെങ്കിലും കാര്യം നേടിയെടുക്കുന്നതിനുവേണ്ടി അത്യുസാഹത്തോടെ ആരംഭത്തിൽ പരിശ്രമിക്കുക. എന്നാൽ അതിലെന്തെങ്കിലും കുറവുവന്നാൽ പിന്നിലേക്കു മാറും. രണ്ടാമത്തെ മാർഗം പ്രത്യേകിച്ച് ഒന്നിലും താത്പര്യമില്ലാതെ പിൻവലിയുക എന്നുള്ളതാണ്. തനിക്കിത്രയൊക്കെയേ ചെയ്യാൻ കഴിയൂ എന്ന വിശ്വാസത്തിൽ അലസമായി മുന്നോട്ടു പോകുക എന്നുള്ളത് ഇക്കൂട്ടരുടെ പ്രത്യേകതയാണ്.

ഇവർ പലപ്പോഴും ദോഷൈകദൃക്കുകളായാണ് കാണപ്പെടുക. ശുഭാപ്തിവിശ്വാസത്തോടെ ഭാവിയെ നോക്കിക്കാണാനും കാര്യങ്ങൾ ചെയ്യാനുമുള്ള കഴിവ് ഇവരിൽ കുറവാണ്. സാധ്യതയെക്കാൾ കൂടുതൽ തടസ്സങ്ങളാണ് ഇവർ ഏതു കാര്യത്തിലും കാണുന്നത്. സുഹൃദ്ബന്ധങ്ങളിൽ ആശ്രയത്വമനോഭാവം പുലർത്താനാണ് താത്പര്യം. വൈകാരികമായി എല്ലാറ്റിലും ഉറ്റ സുഹൃത്തിനെ ആശ്രയിക്കും.

ഇച്ഛാഭംഗങ്ങളെ നേരിടാനുള്ള കഴിവ് ഇവർക്ക് കുറവായിരിക്കും. ബാഹ്യമായി അധികം അസ്വസ്ഥതകൾ കാണിച്ചില്ലെങ്കിലും ആന്തരികമായി ആവശ്യത്തിലധികം ടെൻഷൻ എടുക്കേണ്ടി വരും. മിക്കപ്പോഴും സംഘട്ടനം നിറഞ്ഞ മനസ്സിനുടമകളായിരിക്കുമിവർ. അതുകൊണ്ട് ബൗദ്ധികമായി കഴിവുണ്ടെങ്കിലും അതുപയോഗിക്കാൻ പറ്റാതെ പോകും.

## അനുഭവസാക്ഷ്യങ്ങൾ

മിനി പതിനാലു വയസ്സുള്ള ഒൻപതാം ക്ലാസ്സു വിദ്യാർത്ഥിനിയാണ്. അവളുടെ ഏകതാത്പര്യം പഠിക്കുക എന്നുള്ളതായിരുന്നു. മറ്റുള്ളവരോട് അല്പസമയം സംസാരിച്ചാൽ, കുറച്ചു സമയം ടെലിവിഷൻ കണ്ടാൽ, ഭംഗിയായി ഡ്രസ്സുചെയ്താൽ എല്ലാം അവൾക്ക് സമയനഷ്ടമാണ്. അവളുടെ അശ്രാന്ത പരിശ്രമം കൊണ്ട് ഒരുവിധം നല്ല മാർക്കും കിട്ടുന്നുണ്ടായിരുന്നു. എന്നാൽ കുറച്ചു നാളുകളായി പഠിക്കാൻ താത്പര്യമുണ്ടെങ്കിലും സാധിക്കുന്നില്ല. അസ്വസ്ഥമായി അങ്ങോട്ടുമിങ്ങോട്ടും നടക്കുക, ചിലപ്പോഴൊക്കെ ബോധംകെട്ടു വീഴുക, ഉറക്കമില്ലായ്മ തുടങ്ങിയ ലക്ഷണങ്ങൾ അവൾ കാണിക്കുന്നുണ്ട്. തന്നെക്കൊണ്ട് ഇനിയൊന്നും ചെയ്യാൻ സാധിക്കില്ലെന്ന ചിന്തയാണവൾക്ക്.

മിനിയുടെ മാതാപിതാക്കൾ അവളെ പഠനത്തിനു അധികം നിർബന്ധിക്കാറുണ്ടായിരുന്നില്ല. എന്നാൽ സ്നേഹവും താത്പര്യവുമൊന്നും പുറമെ അത്രയധികം പ്രകടിപ്പിക്കുന്ന സ്വഭാവം അവർക്കില്ലായിരുന്നുതാനും. തീർച്ചയായും മിനിയെ സംബന്ധിച്ച് അതൊരു കുറവായി അവൾക്ക് അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ പഠനമൊരു കോമ്പൻസേഷനായിക്കണ്ട് അവൾ അതിനെ പരിഹരിക്കാൻ നോക്കുകയായിരുന്നു. ഏതുകാര്യവും അമിതമായിക്കഴിയുമ്പോൾ മാനസികാരോഗ്യത്തെയും വ്യക്തിത്വവികസനത്തെ അതു ബാധിക്കുക സ്വഭാവികമാണല്ലോ.

ലിസ പതിനേഴു വയസ്സുള്ള പ്ലസ്വൺ വിദ്യാർത്ഥിനിയാണ്. അവൾക്ക് ഇളയ ഒരു സഹോദരനുണ്ട്. അച്ഛനു കൃഷിപ്പണിയാണ്. അമ്മ വീട്ടുജോലിക്കാരിയും. ലിസയെ ക്ലിനിക്കിൽ കൊണ്ടുവന്നതിന്റെ കാരണം, അവൾക്ക് പഠനത്തിലെന്നല്ല മറ്റൊരു കാര്യത്തിലും താത്പര്യമില്ല എന്നതാണ്. മിക്കവാറും ദിവസങ്ങളിൽ വയറുവേദന, ദേഹം മുഴുവൻ വേദന, അലസത, അമിതദേഷ്യം തുടങ്ങിയ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. പെട്ടെന്ന് സങ്കടവും ദേഷ്യവും വരും. ദേഷ്യം വന്നാൽ വളരെ ശക്തമായി പ്രതികരിക്കും. വിഷാദരോഗത്തിനടിമയാണവൾ. ബുദ്ധിശക്തിയിൽ ശരാശരി കഴിവുണ്ട്. ചികിത്സവഴി വിഷാദരോഗത്തിനു മാറ്റം വന്നെങ്കിലും തനിക്കൊന്നും ചെയ്യാൻ കഴിവില്ലെന്ന നിഷേധാത്മകചിന്ത അവളെ തളർത്തുകയാണ്.

അവൾ വളർന്നുവന്ന സാഹചര്യങ്ങൾ വളരെയേറെ മാനസിക സംഘർഷം ഉളവാക്കത്തക്കതായിരുന്നു. സ്വന്തം അമ്മയ്ക്ക് ആ വീട്ടിൽ യാതൊരു സ്ഥാനവുമില്ലായിരുന്നു. അച്ഛൻ വലിയ പ്രാപ്തിയില്ലാത്ത വ്യക്തിയാണ്. വല്യമ്മയാണ് കാര്യങ്ങൾ അന്വേഷിക്കുന്നത്. ഇവളെന്തു ചെയ്താലും വല്യമ്മയ്ക്കിഷ്ടപ്പെടുകയില്ല. എപ്പോഴും ശകാരവർഷങ്ങളായിരിക്കും. അസഭ്യവാക്കുകളാണ് ആ വീട്ടിൽ മിക്കവാറും കേൾക്കുന്നത്. ആരിൽ നിന്നും ഒരു പ്രോത്സാഹനവും കാര്യമായി അവൾക്ക് കിട്ടിയില്ല. അവൾക്ക് അവളെക്കുറിച്ചുതന്നെ നല്ലതൊന്ന് ചിന്തിക്കാൻ സാധിച്ചിട്ടില്ല.

വളരെ ചെറുപ്പത്തിൽ കുട്ടികൾക്ക് മറ്റുള്ളവരിൽ നിന്നു ലഭിക്കുന്ന ഫീഡ്ബാക്ക് അനുസരിച്ചാണ് അവർ തങ്ങളെക്കുറിച്ചുതന്നെയുള്ള രൂപകല്പന ഉണ്ടാക്കിയെടുക്കുന്നത്. കുട്ടികളുടെ കഴിവിനെ പ്രോത്സാഹിപ്പിച്ചതു കൊണ്ടു മാത്രമായില്ല. ഒരു വ്യക്തിയെന്ന നിലയിൽ അവരെ ആദരിക്കുകയും സ്നേഹിക്കുകയും വേണം. അപ്പോൾ മാത്രമേ താൻ സ്നേഹയോഗ്യനാണെന്ന് അവനു സ്വയം ബോധ്യമാകൂ. ആ അനുഭവമുള്ളവന് അപകർഷതയെക്കുറിച്ച് ചിന്തിക്കേണ്ട ആവശ്യമുണ്ടാകുന്നില്ല. ആരോഗ്യകരമായ വ്യക്തിത്വരൂപീകരണത്തിന് ഇത് ഏറെ ആവശ്യമാണ്.

കുട്ടികളുടെ കഴിവുകളോ, കഴിവുകേടുകളോ ആയിരിക്കരുത് അവരെ സ്നേഹിക്കുന്നതിന്റെ മാനദണ്ഡം. ഒരു വ്യക്തിയെന്ന നിലയിൽ അവരെ സ്നേഹിക്കുക, ആദരിക്കുക. അത് അവരുടെ വ്യക്തിത്വ വളർച്ചയ്ക്ക് സഹായകമാകും.

CYAN MAGENTA YELLOW BLACK

## ചുവരെഴുത്തുകൾ

ശ്വേതകേതു

# രാഷ്ട്രീയ നേരമ്പോക്കുകൾ സിനിമാ വ്യവസായത്തെ രക്ഷിക്കുമോ?

**ചിത്രീകരണവും മറ്റു സാങ്കേതിക പ്രവർത്തനങ്ങളും മുറപോലെ നടന്നുപോന്ന ചലച്ചിത്രനിർമാണരംഗത്തെ തൊഴിൽദാതാക്കളെ ഇടിച്ചുനിരത്താനുള്ള രാഷ്ട്രീയ നീക്കമാണിപ്പോൾ നടക്കുന്നത്. അക്രമരാഷ്ട്രീയത്തിന്റെ അഴിഞ്ഞാട്ടം ചിത്രീകരിച്ചുമാത്രം ശീലിച്ചവർക്കു മുന്നിൽ അതേ മാർഗം അക്ഷരാർത്ഥത്തിൽ പ്രയോഗിക്കുന്നതിലൂടെ സുനിശ്ചിതമായ വിജയം പ്രതീക്ഷിക്കുന്നുണ്ട് ആരൊക്കെയോ; അതായിരിക്കും ഈ ജനകീയ കലാരൂപത്തിന്റെ തോല്‌വിയും.**

സർഗാത്മക തയ്യാറെടുപ്പിന്റെ മിച്ചവാരമാവുന്ന കലാരൂപങ്ങളിൽ സാങ്കേതികമായ ഉൾച്ചേരലുകളാൽ രൂപപ്പെടുന്ന ഉത്പന്നമാണ് ചലച്ചിത്രകല. അലിഖിതമായ നിയമാവലികളും മാമൂലുകളും കൈയടക്കിയതോടെ വഷളായ മറ്റൊരു കലാരൂപമില്ല, സിനിമയെപ്പോലെ! വർധിച്ച നിർമാണച്ചെലവും വിതരണരംഗത്തെ പ്രതിബന്ധങ്ങളായ വ്യവസ്ഥകളും പരസ്യങ്ങൾ നല്കുന്നതിലെ പെരുമാറ്റച്ചട്ടങ്ങളും സിനിമയ്ക്കു പുത്തനുണർവേകിയിട്ടില്ല.

അഭിനേതാക്കളും സാങ്കേതികവിദഗ്ധരും തിരക്കഥാകൃത്തും സംവിധായകനും ഗാന-സംഗീത പ്രതിഭകളും ചേർന്ന കൂട്ടായ്മ ഉടവുതട്ടാത്ത വിശ്വാസത്തിന്റെ ചിത്രപടം നിവർത്തുകയായിരുന്നു. അതിഭൗതികതയും ആത്മീയതയും സമന്വയിച്ച പാരസ്പര്യത്തിന്റെ ബഹിർസ്ഫുരണമായി മലയാളിക്കു മുന്നിലെത്തിയ എത്രയെത്ര ചിത്രങ്ങൾ? കൊടിയുയർത്തി വഴി തടഞ്ഞും ഘെരാവോ ചെയ്തും മുദ്രാവാക്യം വിളിച്ചും ആക്രോശിച്ചും ചിത്രീകരണസ്ഥലങ്ങൾ ഉപരോധിച്ചുമായിരുന്നില്ല ചിത്രങ്ങൾ പൂർത്തിയാക്കിയിരുന്നത്.

അർപ്പണബോധമുള്ള ഒരു സാത്വികസംഘം ഊണുംമുറക്കവുമുപേക്ഷിച്ച് പെടാപ്പാടുപെട്ടാണ് സിനിമയെ എത്തിച്ചിരുന്നത്; പ്രേക്ഷകസമക്ഷം. അത്തരത്തിൽ കരുപ്പിടിപ്പിച്ചിറക്കിയവ വാരങ്ങളോളം തിയേറ്ററുകളെ ധന്യമാക്കി, കാണികളുടെ പ്രശംസ നേടിയിട്ടുമുണ്ട്. ചിലവ ആദ്യപ്രദർശനത്തിൽ തന്നെ പരുക്കേറ്റു നിലംപരിശാവാതെയുമില്ല. രണ്ടിനെയും ഒരേ മനസ്സോടെ ഏറ്റുവാങ്ങാനും എടുത്തുമാറ്റാനുമുള്ള പ്രേക്ഷകവിധിയെ അർഹിക്കുന്ന ഗൗരവത്തോടെ മാനിച്ചിരുന്നു, നിർമാതാവും സംവിധായകനും അഭിനേതാക്കളും. നഷ്ടവും തിരസ്കാരവും പരിഭ്രാന്തി സൃഷ്ടിക്കാത്തപോലെ, മഹത്തായ പ്രദർശനവിജയം കണ്ട് നെഗളിപ്പിനും അമിതാഹ്ലാദത്തിനും മുതിർന്നതുമില്ല അവരാരും തന്നെ.



ചലച്ചിത്രസംസ്കൃതിയുടെ പ്രത്യയശാസ്ത്രം ഇതെന്നിരിക്കെ, നേർക്കുതിപ്പിൽ നിന്നും വഴി തിരിക്കാൻ ട്രേഡ്‌യൂണിയനിസം സിനിമാക്കാർക്കു മുന്നിൽ കൊടികുത്തുകയാണിപ്പോൾ. ചിത്രീകരണവും മറ്റു സാങ്കേതിക പ്രവർത്തനങ്ങളും മുറപോലെ നടന്നുപോന്ന ചലച്ചിത്രനിർമാണരംഗത്തെ തൊഴിൽദാതാക്കളെ ഇടിച്ചുനിരത്താനുള്ള രാഷ്ട്രീയ നീക്കമാണിപ്പോൾ നടക്കുന്നത്. അക്രമരാഷ്ട്രീയത്തിന്റെ അഴിഞ്ഞാട്ടം ചിത്രീകരിച്ചുമാത്രം ശീലിച്ചവർക്കു മുന്നിൽ അതേ മാർഗം അക്ഷരാർത്ഥത്തിൽ പ്രയോഗിക്കുന്നതിലൂടെ സുനിശ്ചിതമായ വിജയം പ്രതീക്ഷിക്കുന്നുണ്ട് ആരൊക്കെയോ; അതായിരിക്കും ഈ ജനകീയ കലാരൂപത്തിന്റെ തോല്‌വിയും.

തണ്ണീർമുക്കത്ത് 'ഡാഡികൂൾ' എന്ന ചിത്രത്തിന്റെ സെറ്റിലെത്തി ചിത്രീകരണം തടസ്സപ്പെടുത്താൻ മുതിർന്നത് മാക്ടഫെഡറേഷൻ ഭാരവാഹികളായിരുന്നു. എന്തിന്റെ പേരിലാണീ സമരമെന്ന് ആരും വ്യക്തമാക്കിയിട്ടില്ല. ഒരു യുവ നടൻ നിർമാതാവിൽ നിന്നും അഡ്വാൻസ് വാങ്ങിയശേഷം അഭിനയിക്കാനെത്തിയില്ലെന്നും, അതിനാൽ കൈപ്പറ്റിയ പണം തിരിച്ചുനല്കണമെന്നുമാണ് ഒരാവശ്യം. വാക്കും വിശ്വാസവും വ്യക്തിത്വവും നഷ്ടപ്പെടുന്നവർക്കുമുമ്പിൽ സംഘടനാശക്തി ഒരുങ്ങിയിറങ്ങണമെന്നില്ല. കലയോടുള്ള അഭിനേതാവിന്റെ പ്രതിബദ്ധതയെ സംശയിക്കുന്നിടത്ത് കലാപരമായ മരണം ഉറപ്പല്ലേ? തുടർന്നും മുളയ്ക്കാതെ പോവുന്ന അസ്തിത്വമായിരിക്കും ആയാളുടേത്.

ഒറ്റപ്പാലത്ത് 'ബോഡിഗാർഡി'ന്റെ ചിത്രീകരണം നടക്കുന്ന വരിക്കാശ്ശേരി മനയിലും മാക്ട ഫെഡറേഷനും എഐടിയുസിയും ചേർന്ന് മാർച്ച് നടത്തുകയുണ്ടായി. ദിലീപ് അഭിനയിക്കുന്ന ഈ ചിത്രത്തിന്റെ സെറ്റിൽ സംവിധായകൻ സിദ്ദിഖ് ചിലർക്ക് തൊഴിൽ നിഷേധിച്ചുവെന്നാണ് ആരോപണം. മാക്ട പിളർന്നുണ്ടായ ഫെഫ്കവല്യേട്ടനായി നിന്ന് മാക്ടയെ തകർക്കാനും താഴ്ത്തിക്കെട്ടാനും ശ്രമിക്കുന്നു. അതിന്റെ ഭാഗമായുള്ള തൊഴിൽ നിഷേധങ്ങളും. അതാണ് ഒറ്റപ്പാലത്ത് മാക്ട ജനറൽ സെക്രട്ടറി ബൈജു കൊട്ടാരക്കരയുടെ അറസ്റ്റിൽ കലാശിച്ചതും. ബൈജു കൊട്ടാരക്കരയും സംഘവും ചിത്രീകരണ കേന്ദ്രങ്ങളിൽ വട്ടമിട്ട് അവിടെ സംഘർഷം സൃഷ്ടിക്കുമ്പോൾ ഒരു വ്യവസായം തകർന്നില്ലാതാവുകയാണ്.

സംസ്ഥാനത്ത് അങ്ങോളമിങ്ങോളം ചിത്രീകരണവും നിർമ്മാണവും പ്രദർശനവും നടത്തിയിരുന്ന മഹാപ്രസ്ഥാനം, ഇതുപോലെ അപചയമേറ്റുവാങ്ങിയ മറ്റൊരു കാലമില്ല. ബൈജു കൊട്ടാരക്കരയ്ക്കും ഉണ്ണികൃഷ്ണനും സിബിമലയിലിനും വിനയനും ഇതൊന്നും അറിയാത്തതല്ല. എന്നിട്ടും വല്ലപ്പോഴുമൊരിക്കലെന്നോണം തണ്ണീർമുക്കത്തും ഒറ്റപ്പാലത്തും ചിത്രീകരണം നടക്കുമ്പോൾ അതിനെ തടയുന്നവർ ആരുടെ ചോറിലാണ് മണ്ണ് വീഴ്ത്തുക? തൊഴിൽ തർക്കം മൂലം പൂട്ടിക്കെട്ടിപ്പോയ തൊഴിലുടമകളുടെ ശാപം ഈ മണ്ണിനുണ്ട്, ജനതയ്ക്കും. പെരുപ്പിച്ചു നിർത്തേണ്ടതല്ല ഈ കുറ്റവാസന.

കുറച്ചുനാളുകളായി ചലച്ചിത്രകലയിൽ നിന്നും സാധാരണ പ്രേക്ഷകൻ അകന്നുമാറി മുഖം തിരിച്ചതിന്റെ യഥാർത്ഥ കാരണമെന്തെന്ന് ഫെഫ്ക ജനറൽ സെക്രട്ടറി ഉണ്ണികൃഷ്ണന് പറയാനാവുമോ? നല്ല പ്രതീക്ഷയോടെ തിയേറ്ററിലെത്തുന്നവർ വളരെപെട്ടെന്ന് നിരാശരായി പിൻവാങ്ങുന്നതെന്തുകൊണ്ടെന്ന് സംവിധായകനായ ബൈജു കൊട്ടാരക്കരയെങ്കിലും അന്വേഷിച്ചിട്ടുണ്ടോ?

കഴിഞ്ഞ വർഷം തിയറ്ററിലെത്തിയ ചിത്രങ്ങളിൽ എത്രയെണ്ണം മികച്ച നിലവാരം പുലർത്തി? എന്താണ് നിർമാണ ചെലവിൽ വൻ വർധനയ്ക്ക് കാരണം? ഇതൊന്നും കാണാനും അന്വേഷിക്കാനും സന്മനസ്സില്ലാത്തവർ ചിത്രീകരണകേന്ദ്രം ഉപരോധിച്ച് സംഘർഷ മേഖലയാക്കുമ്പോൾ വിലയിടിയുക സ്റ്റണ്ടിനും സ്റ്റണ്ടു താരങ്ങൾക്കുമായിരിക്കും!

>> 11

## അറിയേണ്ടും വാർത്തകൾ

### ഓർമശക്തി വർധിപ്പിക്കാൻ കൊഴുപ്പ് !



കൊഴുപ്പടങ്ങിയ ഭക്ഷണം നിരന്തരം കഴിക്കുകവഴി അമിതവണ്ണവും, കൊളസ്ട്രോൾ, രക്തസമ്മർദം തുടങ്ങിയവ ഉണ്ടാകാമെന്നത് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. എന്നാൽ വില്ലനായ ഈ കൊഴുപ്പുതന്നെ പലരെയും അലട്ടുന്ന ഓർമക്കുറവിന് പരിഹാരമാകുമെന്ന അറിവ് എല്ലാവരിലും അല്പമെങ്കിലും ആശ്ചര്യം ജനിപ്പിക്കാതിരിക്കില്ല.

കാലിഫോർണിയാ യൂണിവേഴ്സിറ്റിയിലെ ഒരു പറ്റം ഗവേഷകരാണ് ഈ പുതിയ അറിവു നല്കുന്നത്.

ദഹനപ്രക്രിയയെ തുടർന്ന് കൊഴുപ്പിൽ നിന്നും വേർതിരിക്കപ്പെടുന്ന ഒലിയോലിത്തനോളമൈഡ് (ഒ.ഇ.എ) ആണ് ഓർമശക്തി വർധിക്കുന്നതിന് ഉൾപ്രേരകമാകുന്ന ഘടകം 'അൽഷിമേഴ്സ്' ഉൾപ്പെടെയുള്ള തലച്ചോറുമായും ഓർമശക്തിയുമായും ബന്ധപ്പെട്ട നിരവധി മാരകരോഗങ്ങൾക്ക് ശാശ്വതമായ പ്രതിവിധി കണ്ടെത്തുന്നതിന് ഒരു പക്ഷേ, തങ്ങളുടെ ഈ കണ്ടെത്തൽ വഴിതുറക്കാം എന്നാണ് ഡോ. ഡാനിലെ പിയോമെല്ലി അടക്കമുള്ള ഗവേഷകരുടെ പ്രതീക്ഷ.

എലികളിൽ നടത്തിയ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഒലിയോലിത്തനോളമൈഡിന് ഓർമശക്തി വർധിപ്പിക്കുന്നതിലുള്ള പ്രത്യേകശേഷിയുണ്ട് എന്ന നിഗമനത്തിൽ ഇവർ എത്തിച്ചേർന്നത്.

എലികളിൽ സ്ഥിരീകരിച്ച ഓലിയോലിത്തനോളമൈഡിന്റെ ഈ പ്രത്യേക കഴിവ് മനുഷ്യനിലും സാധ്യമാകുമോ എന്നത് പക്ഷേ തെളിയിക്കേണ്ടതായി അവശേഷിക്കുന്നു.

❋❋

## പന്നിപ്പനിഭീതി

### പ്രതിരോധമായി പന്നികളെ മുഴുവൻ ഈജിപ്ത് കൊന്നൊടുക്കുന്നു



മെക്സിക്കോയിൽ ആദ്യമായി റിപ്പോർട്ടു ചെയ്യപ്പെടുകയും 200 ഓളം ജനങ്ങളുടെ ജീവൻ അപഹരിക്കുകയും ചെയ്ത പന്നിപ്പനി മറ്റുരാജ്യങ്ങളിലേക്കും പടർന്നു കഴിഞ്ഞു. അമേരിക്ക, കാനഡ, സ്പെയിൻ, ബ്രിട്ടൺ, ബ്രസീൽ, ഗ്വാണ്ടമാല, പെറു, ഓസ്ട്രേലിയ, ദക്ഷിണ കൊറിയ, യൂറോപ്യൻ യൂണിയനിലെ രാജ്യങ്ങൾ എന്നിവിടങ്ങളിലാണ് പന്നിപ്പനി സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളത്.

എന്നാൽ ഈജിപ്തിൽ ഒരു കേസുപോലും റിപ്പോർട്ട് ചെയ്യപ്പെടാത്ത പശ്ചാത്തലങ്ങളിലും മുൻകൂട്ടിയുള്ള പ്രതിരോധമെന്ന നിലയിൽ രാജ്യത്തെ മുഴുവൻ പന്നികളെയും കൊന്നൊടുക്കാൻ ആരോഗ്യവകുപ്പ് ഉത്തരവിറക്കി. സമീപരാജ്യമായ ഇസ്രായേലിൽ രണ്ടു പേരിൽ പന്നിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ട പശ്ചാത്തലത്തിലാണ് തങ്ങൾ അടിയന്തിരമായി ഈ തീരുമാനം കൈക്കൊണ്ടതെന്ന് ആരോഗ്യമന്ത്രി ഹാത്തോം എൽ ഗെബലി പറയുന്നു.

രണ്ടരലക്ഷം മുതൽ നാലുലക്ഷം വരെ പന്നികൾ ഈജിപ്തിലുണ്ടെന്നാണ് പ്രാഥമിക കണക്ക്. 2004ലും 2008ലും ഉണ്ടായ പക്ഷിപ്പനിബാധയിൽ 22 മരണമാണ് ഈജിപ്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഈ അനുഭവമാണ് ഇത്തരമൊരു അടിയന്തിര നടപടി സ്വീകരിക്കുവാൻ ഈജിപ്തിനെ പ്രേരിപ്പിച്ചത്.

❋❋

# ബാലലോകം

## സിപ്പിയങ്കിളും കൂട്ടുകാരും

## സംഗീതം എന്ന മഹാസാഗരം

*പ്രിയ കൂട്ടുകാരേ,*

സംഗീതം ഒരു മഹാസാഗരമാണ്. പ്രപഞ്ചത്തിന്റെ ഓരോ ചലനത്തിലും സംഗീതം നിറഞ്ഞുനില്ക്കുന്നു. കാറ്റുവീശുന്നതിലും മഴപെയ്യുന്നതിലും പുഴ ഒഴുകുന്നതിലുമെല്ലാം സംഗീതത്തിലെ മധുരതാളം നിങ്ങൾ കേൾക്കാറില്ലേ? നാദവും താളവും ശ്രുതിയുമില്ലാതെ നമുക്കൊരു ജീവിതം പോലുമില്ല.

അനേകം സംഗീത പ്രതിഭാശാലികൾക്ക് ജന്മം നല്കിയ നാടാണ് നമ്മുടെ ഭാരതം. മഹാനായ അക്ബർ ചക്രവർത്തിയുടെ കൊട്ടാരഗായകനായിരുന്ന താൻസൻ സംഗീത ലോകത്തെ ഒരു മഹാത്ഭുതമായിരുന്നു.

കർണാടക സംഗീതത്തിലെ ത്രിമൂർത്തികളെന്ന് വിശേഷിപ്പിക്കപ്പെടുന്ന ശ്യാമശാസ്ത്രികളും മുത്തുസ്വാമി ദീക്ഷിതരും ത്യാഗരാജസ്വാമികളും ഈ രംഗത്ത് മികച്ച സംഭാവനകൾ നല്കിയവരാണ്. ഇവർ മൂന്നുപേരും തമിഴ്നാട്ടിലെ തഞ്ചാവൂർ ജില്ലക്കാരാണ്. ഭക്തിഗാനങ്ങൾകൊണ്ട് ലോകത്തെ മുഴുവൻ കോരിത്തരിപ്പിച്ച എം.എസ്.സുബ്ബലക്ഷ്മിയേയും കെ.ബി. സുന്ദരാംബാളിനെയും മറ്റും നമുക്കെങ്ങനെ മറക്കാൻ കഴിയും? ഇരയിമ്മൻ തമ്പിയും സ്വാതിതിരുനാളും മലയാളനാടിന് എക്കാലത്തും അഭിമാനിക്കാവുന്ന രണ്ട് സംഗീത പ്രതിഭകളാണ്.

ദീപക്രാഗം പാടി കൊട്ടാരക്കെട്ടിനുള്ളിലെ ദീപങ്ങൾ തെളിയിക്കുവാനും മേഘമൽഹാർ രാഗം പാടി മഴപെയ്യിക്കുവാനും സംഗീതചക്രവർത്തിയായ താൻസന് കഴിഞ്ഞിരുന്നുവത്രെ. മാറാരോഗങ്ങൾ മാറ്റിയെടുക്കാനും കാർഷിക വിളകൾ മെച്ചപ്പെടുത്തുവാനും മനസ്സിന് ആനന്ദം പകരുവാനും സംഗീതത്തിനുള്ള കഴിവ് അവർണനീയമത്രെ.

സംഗീതത്തെക്കുറിച്ച് മനസ്സിലാക്കാനും, സംഗീതം കേട്ടാസ്വദിക്കാനും സംഗീതപ്രതിഭകളുടെ ജീവിതത്തെക്കുറിച്ച് അറിയുവാനും കുട്ടിക്കാലം മുതൽ തന്നെ നാം താത്പര്യം കാണിക്കണം. അത്തരം പഠനം വിജ്ഞാനപ്രദവും രസകരവുമാണ്. സംഗീതത്തിന്റെ അടിസ്ഥാനം സപ്തസ്വരങ്ങളാണല്ലൊ. ഈ ഏഴു സ്വരങ്ങളും രൂപപ്പെട്ടതുതന്നെ നമുക്കു പരിചയമുള്ള പക്ഷിമൃഗാദികളുടെ ശബ്ദത്തിൽ നിന്നാണ്. ഇതാ 'സരിഗമപധനിസ' എന്നീ ഏഴുസ്വരങ്ങളും ഒരു നിമിഷം ശ്രദ്ധിക്കൂ.

| | | | | |
|---|---|---|---|---|
| സ | - | ഷഡ്ജം | - | മയിലിന്റെ ശബ്ദം |
| രി | - | ഋഷഭം | - | കാളയുടെ ശബ്ദം |
| ഗ | - | ഗാന്ധാരം | - | ആടിന്റെ ശബ്ദം |
| മ | - | മധ്യമം | - | ചക്രവാളപക്ഷിയുടെ ശബ്ദം |
| പ | - | പഞ്ചമം | - | കുയിലിന്റെ ശബ്ദം |
| ധ | - | ധൈവതം | - | കുതിരയുടെ ശബ്ദം |
| നി | - | നിഷാദം | - | ആനയുടെ ചിന്നംവിളി |

സത്യത്തിൽ ഇത് മനസ്സിലോർക്കുമ്പോൾ തന്നെ മനസ്സിനൊരു സുഖവും ആനന്ദവും തോന്നുന്നില്ലേ? ഇനിയും സംഗീതത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ നിങ്ങൾ മനസ്സുതുറക്കൂ. അത് ജീവിതവിജയത്തിന് ഒരു കൈത്തിരിയാകും.

*സസ്നേഹം,*

**സിപ്പിയങ്കിൾ**

കുട്ടിക്കവിത

## അവധിക്കാലം



മധ്യവേനലവധിക്കായ്
മേളിക്കുവാൻ സമയമായ്
കൊയ്തു കൊഴിഞ്ഞ വയലുകൾ
കാത്തിരിപ്പൂ നമുക്കായി
കാലിമേയ്ച്ചു നടക്കുവാൻ,
കുട്ടീം കോലും കളിക്കുവാൻ
ആർത്ത് ഘോഷിക്കാൻ!
നാട്ടുമാവിൻ കൊമ്പിലേറി
പച്ചമാങ്ങ പറിക്കേണം,
കല്ലിൽ വെച്ച് പൊട്ടിക്കേണം,
കൂട്ടുകാർക്ക് പങ്കിടേണം;
വറ്റൽമുളകരിഞ്ഞതും
ചുവന്നുള്ളിക്കഷണവും
ഉപ്പുകല്ല് പൊട്ടിച്ചതും
കൂട്ടിത്തിന്നേണം!!...

**ടി.കെ.മാറിയിടം**

# സ്വർണ്ണവിളക്ക്

ബാലനോവൽ 12

**അന്തീനാട് ജോസ്**

ലാവോസ് പരിഭ്രാന്തനായി ചുറ്റും നോക്കി. എവിടെ നിന്നാണ് ആ ഞരക്കം കേൾക്കുന്നത്? നേർത്ത ഇരുട്ടിൽ ഒന്നും കാണുവാൻ കഴിയുമായിരുന്നില്ല. അവന്റെ ശരീരം വീണ്ടും വിറയ്ക്കാൻ തുടങ്ങി. ഇത്രയും ഭീകരരായ കാട്ടുമനുഷ്യരെ ഇതിനു മുമ്പെങ്ങും കണ്ടിട്ടില്ല. ദൈവത്തിന്റെ കാരുണ്യം കൊണ്ടു മാത്രമാണ് താൻ അവരുടെ താവളത്തിൽ നിന്നും രക്ഷപ്പെട്ടതെന്നു ലാവോസ് വിശ്വസിച്ചു. അല്ലെങ്കിൽ പുലരിക്കുമുമ്പേ താൻ അവരുടെ ആഹാരമായിത്തീർന്നേനെ. അവിടെ ചെന്നുപെട്ടവരെല്ലാം മരണത്തിന്റെ പിടിയിൽ അകപ്പെടാനേ ഇടയുള്ളൂ.

അവൻ പിന്നെയും പുറകോട്ടു നീങ്ങി. അവരുടെ താവളത്തിൽ നിന്നു താൻ വളരെദൂരം പോന്നു കഴിഞ്ഞിരിക്കുന്നു. ഇനി അവരെ പേടിക്കേണ്ടതില്ല.

സ്വർണവിളക്കു മോഷ്ടിച്ച കാട്ടുരാജാവിന്റെ താവളം കണ്ടെത്തിയാൽ എല്ലാവരും രക്ഷപ്പെട്ടതു തന്നെ. വനത്തിലൂടെ ബഹുനേരം നടന്നുവേണം കാട്ടുരാജാവിന്റെ കൊട്ടാരത്തിലെത്താൻ. അവിടെ മിക്കവാറും സ്വർണവിളക്കു കാണും. എങ്ങനെയെങ്കിലും അതു കരസ്ഥമാക്കിയാൽ മീനോസിന്റെ വിലയേറിയ ജീവൻ രക്ഷിക്കാൻ കഴിയും.

പക്ഷേ, കാട്ടുരാജാവിന്റെ ആ കൊട്ടാരം എവിടെയാണെന്നു മാത്രം ആർക്കും അറിയില്ല. പലരും ആ ഭീകര രാജാവിനെപ്പറ്റി കേട്ടിട്ടേയുള്ളൂ. ആരും കണ്ടവരില്ല. പല വൻകൊള്ളകളും അയാൾ നടത്തിയിട്ടുണ്ട്. അതൊന്നും ഇന്നേവരെ തെളിയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. തന്നിമിത്തം മോഷണങ്ങളെല്ലാം മറ്റാരുടെയെങ്കിലും തലയിൽ കെട്ടിവയ്ക്കുകയാണ് പതിവ്.

അങ്ങനെയാണ് മീനോസും സ്വർണവിളക്കു മോഷ്ടാവായത്. കാട്ടുരാജാവിനെ നേരിടാൻ പോയിട്ട് അവനെ ഒന്നു കാണാൻ പോലും സമീപരാജ്യങ്ങളിലെ രാജാക്കന്മാർക്കും കഴിഞ്ഞിട്ടില്ല. അവൻ ഒരു നിമിഷം ചുറ്റും നോക്കി. എവിടെ നിന്നോ ഒരു കരച്ചിൽ കേൾക്കുന്നുണ്ടോ? അവൻ കാതുകൾ കൂർപ്പിച്ചു. കരച്ചിൽ കേട്ടിട്ട് അതൊരു വൃദ്ധനാണെന്ന് ലാവോസിനു തോന്നി. ഈ കൊടുംകാട്ടിൽ എങ്ങനെ ഈ വൃദ്ധനെത്തി? ആലോചിച്ചിട്ട് ഒരെത്തും പിടിയും കിട്ടുന്നില്ല. അവൻ മെല്ലെ മുന്നോട്ടുനടക്കുവാൻ ഭാവിക്കവെ, 'മോനേ' എന്നൊരു ശബ്ദവും അവൻ കേട്ടു.



ലാവോസ് ഒരു നിമിഷം പകച്ചുനിന്നു. എന്തൊരത്ഭുതമാണിത്? ഈ കാട്ടിനുള്ളിൽ ഒരു മനുഷ്യജീവിയോ? ഇതെന്തു മറിമായം?

ഒരു പക്ഷേ, ആ സ്വരത്തിന്റെ ഉടമ തന്റെ അയൽക്കാർ ആരെങ്കിലുമായിരിക്കുമോ? എങ്കിൽ അവർ തന്നെ തിരിച്ചറിയുമോ?

ഏതായാലും ഒന്നു നോക്കുക തന്നെ. അവൻ കുറ്റിച്ചെടികൾ വകഞ്ഞുമാറ്റി നോക്കിയപ്പോൾ കണ്ടതു തളർന്നവശനായ ഒരു വൃദ്ധൻ കിടന്നു പിടയ്ക്കുന്നതാണ്. കൈകാലുകൾ തളർന്നിരിക്കുന്നതുപോലെ തോന്നി. മുഖമാകെ ക്ഷീണിച്ചിരിക്കുന്നു. തലയിൽ കാര്യമായി മുടിയില്ല. ഉള്ളതാവട്ടെ നരച്ചതുമാണ് കീറിപ്പറിഞ്ഞ ഷർട്ടും നരച്ചു കീറിയകറുത്ത പാന്റുമാണ് ധരിച്ചിരിക്കുന്നത്.

അവൻ ആ കിളവനെ തന്നെ നോക്കിനിന്നു. അയാൾക്ക് അറുപതുവയസ്സെങ്കിലും പ്രായം വരും. ഒരു മനുഷ്യജീവിയെ ആ കാട്ടിൽ കണ്ടെത്തിയതിൽ അവനു വല്ലാത്ത ആശ്ചര്യവും സന്തോഷവും തോന്നി.

മോനേ, നീ എന്നെ ഒന്നു രക്ഷിക്കണം. എനിക്ക് നടക്കൻ വയ്യ. നിന്റെ തോളിൽ പിടിച്ചു നടന്നോട്ടെ. മോൻ ദയവുചെയ്ത് ഈ അപ്പൂപ്പനെ ഒന്നു വീട്ടിലെത്തിക്കൂ.

'അപ്പൂപ്പന്റെ വീട് എവിടെയാണ്'?

ലാവോസ് ആകാംക്ഷാഭരിതനായി ചോദിച്ചു.

'ഈ കാട്ടിലൂടെ തന്നെ കുറെ നടന്നാൽ മതി.

'എങ്കിൽ ഞാൻ കൊണ്ടുചെന്നാക്കാം, അപ്പൂപ്പാ.'

ലാവോസ് മെല്ലെ വൃദ്ധനെ പിടിച്ചെഴുന്നേല്പിച്ചു. അയാൾ അവന്റെ തോളിൽ ഒരു കൈ താങ്ങി. കാലിനും വല്ലാത്ത ഒരു മുടന്തുണ്ട്. അവർ മെല്ലെ കാട്ടിലൂടെ നടന്നു. *(തുടരും)*

# മാറ്റത്തിന്റെ നൂറുദിനങ്ങൾ പിന്നിട്ട് ബറാക് ഒബാമ

അമേരിക്കയുടെ 44-ാമത്തെ പ്രസിഡണ്ടായി ബറാക് ഒബാമ കഴിഞ്ഞ ജനുവരി 20നാണ് സ്ഥാനമേറ്റത്. ലോകത്തെ ഒന്നാംശക്തിയായ അമേരിക്കയുടെ പ്രഥമ പൗരനാകുന്ന ആദ്യ കറുത്തവർഗക്കാരൻ എന്ന നിലയിൽ ആ മഹത്തായ മുഹൂർത്തം ചരിത്രത്തിന്റെ താളുകളിൽ എക്കാലവും മായാതെ നിലനില്ക്കുകയും ഓർമിക്കപ്പെടുകയും ചെയ്യും.

'ചെയ്ഞ്ച്' എന്ന മുദ്രാവാക്യവുമായി വിജയക്കൊടി പാറിച്ച ബറാക് ഒബാമയുടെ പ്രസിഡണ്ടു പദവിയിലുള്ള ആദ്യ ദിനങ്ങൾ ലോകമാസകലമുള്ള ജനങ്ങൾ ആശ്ചര്യത്തോടും ജിജ്ഞാസയോടുംകൂടിയാണ് വീക്ഷിച്ചത്. കാരണം അദ്ദേഹത്തിനുമുന്നിൽ ഒട്ടനവധി വെല്ലുവിളികൾ ഉണ്ടായിരുന്നു.

ആഗോളതീവ്രവാദം, സാമ്പത്തിക പ്രതിസന്ധി എന്നിവയായിരുന്നു സുപ്രധാന വെല്ലുവിളികൾ. കൂടാതെ താനുയർത്തിപിടിച്ചതും ഭൂരിപക്ഷം വരുന്ന കോടാനുകോടി അമേരിക്കൻ ജനത വിശ്വാസമർപ്പിച്ചതുമായ ചെയ്ഞ്ച് എന്ന മുദ്രാവാക്യം സർവരംഗത്തും പ്രാവർത്തികമാക്കുകയും അതു ലോകമാസകലം അനുഭവവേദ്യമാക്കേണ്ടിയുമിരുന്നു. ബറാക് ഒബാമ തന്നെ വെളിപ്പെടുത്തി, തന്റെ പ്രാഥമിക പരിഗണന സാമ്പത്തിക പ്രതിസന്ധിയിൽനിന്നു രാജ്യത്തെ കരകയറ്റുകയാണെന്ന്. കാരണം പ്രസിഡണ്ടു പദം ഏറ്റെടുക്കുമ്പോൾ തന്നെ പൂട്ടപ്പെട്ട ബാങ്കുകളുടെ എണ്ണം 32 ആയിരുന്നു. ഡസൺ കണക്കിന് കമ്പനികൾ അടച്ചുപൂട്ടപ്പെടുകയും പാപ്പർ ഹർജി ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ഇതിന് പരിഹാരം എന്ന നിലയിൽ 787 ബില്യൺ ഡോളറിന്റെ സാമ്പത്തിക പുനരുദ്ധാരണ പാക്കേജ് അമേരിക്കൻ കോൺഗ്രസിന്റെ ഇരുസഭകളിലും അവതരിപ്പിച്ച് പാസ്സാക്കിയെടുത്തു.

ലോകമാസകലം ഒബാമയെ പ്രശംസയ്ക്ക് പാത്രമാക്കിയ രണ്ട് തീരുമാനങ്ങളാണ് പ്രധാനമായും ഉണ്ടായത്. ഒന്ന്, അമേരിക്കയുടെ തന്നെ പ്രതിച്ഛായ മോശമാക്കിയ കുപ്രസിദ്ധമായ ഗ്വാണ്ടനാമോ തടവറ ഒരുവർഷത്തിനുള്ളിൽ അടച്ചുപൂട്ടുമെന്ന പ്രഖ്യാപനം. രണ്ട്, ക്യൂബ, വെനസ്വേല ഉൾപ്പെടെയുള്ള ലാറ്റിനമേരിക്കൻ രാജ്യങ്ങൾ എന്നിവയുമായി അമേരിക്കയ്ക്കുള്ള ബദ്ധശത്രുത അകറ്റി പരസ്പരവിശ്വാസത്തോടെ പ്രവർത്തിക്കും എന്ന ആഹ്വാനം.

## 'ഹിസ്റ്റോറിക്കൽ ചെയ്ഞ്ച്'



ട്രിനിഡാഡ് ആൻഡ് ടൊബാഗോയിൽ വച്ചുനടന്ന അമേരിക്കൻ രാഷ്ട്രങ്ങളുടെ ഉച്ചകോടിക്കിടെ യുഎസ് പ്രസിഡണ്ട് ബറാക് ഒബാമയും വെനസ്വേലൻ പ്രസിഡണ്ട് ഹ്യൂഗോ ഷാവേസും.



സാമ്പത്തിക പുനരുദ്ധാരണ പാക്കേജിനെ സംബന്ധിച്ച ചർച്ചാവേളയിൽ പ്രസിഡണ്ട് ബറാക് ഒബാമ അമേരിക്കൻ കോൺഗ്രസിനെ അഭിസംബോധന ചെയ്ത് പ്രസംഗിക്കുന്നു.



ലണ്ടനിലെ 10 ഡൗണിംഗ് സ്ട്രീറ്റൽവച്ച് നടന്ന ജി-20 രാഷ്ട്രങ്ങളുടെ ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ ബറാക് ഒബാമയും ഭാര്യ മൈക്കലേയും, ബ്രിട്ടീഷ് പ്രധാനമന്ത്രി ഗോർഡൻ ബ്രൗൺ, ഭാര്യ സാറാ എന്നിവർക്കൊപ്പം.

## ലോകം ഉറ്റുനോക്കിയ ആദ്യ നൂറുദിനങ്ങൾ

**ജനുവരി 21 –** കുപ്രസിദ്ധമായ ഗ്വാണ്ടനാമോ തടവറയിൽ പ്രവർത്തിച്ചുവന്ന എല്ലാ മിലിട്ടറി ട്രൈബ്യൂണലുകളുടെയും പ്രവർത്തനം 120 ദിവസത്തേക്ക് നിർത്തിവയ്ക്കാൻ തീരുമാനിച്ചു.

**ജനുവരി 22 –** ഗ്വാണ്ടനാമോ തടവറ ഒരു വർഷത്തിനുള്ളിൽ അടച്ചുപൂട്ടുമെന്ന് പ്രഖ്യാപനം.

**ജനുവരി 27 –** മുസ്ലീം രജ്യങ്ങളുമായി പരസ്പരബഹുമാനവും താത്പര്യവും മുൻനിർത്തിയുള്ള പങ്കാളിത്തത്തിന് ആത്മാർത്ഥമായി ശ്രമിക്കുമെന്ന് അൽ അറേബ്യ ടെലിവിഷനു നല്കിയ ആഭിമുഖ്യത്തിൽ പ്രസിഡണ്ട് ഒബാമ.

**ഫെബ്രുവരി 4–** സാമ്പത്തിക മാന്ദ്യത്തിന്റെ കെടുതിയിൽ രാജ്യം വിറങ്ങലിച്ചു നില്ക്കുന്ന സാഹചര്യം പരിഗണിച്ച്, ഗവൺമെണ്ടിൽ നിന്നും സാമ്പത്തികസഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങൾ തങ്ങളുടെ ഉന്നത ഉദ്യോഗസ്ഥന്മാർക്ക് നല്കുന്ന ശമ്പളം വർഷത്തിൽ അഞ്ച്ലക്ഷം ഡോളറായി നിജപ്പെടുത്തണമെന്ന് നിർദേശിച്ചു.

**ഫെബ്രുവരി 18–** 787 ബില്യൺ ഡോളറിന്റെ സാമ്പത്തിക പുനരുദ്ധാരണ പാക്കേജിന് അമേരിക്കൻ കോൺഗ്രസിന്റെ ഇരുസഭകളുടെയും അംഗീകാരം നേടി.

**ഫെബ്രുവരി 19–** പ്രസിഡണ്ട് പദമേറ്റ ശേഷമുള്ള തന്റെ ആദ്യ വിദേശ പര്യടനത്തിനായി കാനഡയിലേക്ക് പോയി.

**ഫെബ്രുവരി 27–** 2010 ആഗസ്റ്റ് 30 ഓടുകൂടി തങ്ങളുടെ ദൗത്യം പൂർത്തിയാക്കി മുഴുവൻ സൈനികരെയും പിൻവലിക്കുമെന്ന് പ്രഖ്യാപനം.

**മാർച്ച് 9 –** മൂലകോശ ഗവേഷണത്തിന് മുൻഗാമിയായ ജോർജ് ബുഷ് ഏർപ്പെടുത്തിയിരുന്ന നിരോധനം നീക്കി.

**മാർച്ച് 27–** താലിബാന്റെ മുന്നേറ്റത്തെ ചെറുക്കുന്നതിനായി നാലായിരം സൈനികരെ കൂടി അഫ്ഗാനിസ്ഥാനിലേക്ക് നിയോഗിക്കൻ തീരുമാനം.

**ഏപ്രിൽ 1 –** ലണ്ടനിലെ നമ്പർ 10 ഡൗണിംഗ് സ്ട്രീറ്റിൽ വെച്ചുനടന്ന ജി 20 രാഷ്ട്രസമ്മേളനത്തിൽ പങ്കെടുത്തു.

**ഏപ്രിൽ 13 –** ക്യൂബയിലേക്ക് പോകുന്നതിന് അമേരിക്കക്കാർക്കേർപ്പെടുത്തിയിരുന്ന വിലക്കുകൾ നീക്കം ചെയ്തു.

**ഏപ്രിൽ 17 –** ട്രിനിഡാഡിൽ വെച്ചു നടന്ന അമേരിക്കൻ രാഷ്ട്രങ്ങളുടെ ഉച്ചകോടിയിൽ വെനസ്വേലൻ പ്രസിഡണ്ട് ഹ്യൂഗോ ഷാവേസുമായി സൗഹൃദ സംഭാഷണം നടത്തുകയും പരസ്പരം വിശ്വാസത്തിലെടുത്തുകൊണ്ടുള്ള സഹകരണത്തിന് ആഹ്വാനം ചെയ്തു.

**ഏപ്രിൽ 20 –** ക്യൂബ, വെനസ്വേല എന്നീ രാജ്യങ്ങളുമായി ചർച്ചകളിലൂടെ നയതന്ത്രബന്ധവും വ്യാപാരബന്ധവും സ്ഥാപിക്കാൻ അഞ്ചാമത് അമേരിക്കൻ രാജ്യങ്ങളുടെ ഉച്ചകോടിയിൽ വെച്ച് പ്രഖ്യാപനം.

## മാടവന ബാലകൃഷ്ണപിള്ള ദേശീയ സെക്രട്ടറി ജനറൽ

ഇന്ത്യയിലെ യൂണിവേഴ്സിറ്റികളിലെ ജേർണലിസം വകുപ്പ് അധ്യാപകരുടെ സംഘടനയായ ഇന്ത്യൻ അസോസിയേഷൻ ഓഫ് മീഡിയ എഡ്യുക്കേറ്റേഴ്സ് ദേശീയ സെക്രട്ടറി ജനറലായി മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്യൂണിക്കേഷൻസ് ആൻഡ് ഇൻഫർമേഷൻ സയൻഡസ് ഡയറക്ടർ പ്രൊഫ. മാടവന ബാലകൃഷ്ണപിള്ളയെ ഐകകണ്ഠേന തെരഞ്ഞെടുത്തു.



പൂനയിൽ ചേർന്ന പ്രതിനിധി സമ്മേളനത്തിൽ മാംഗ്ലൂർ യൂണിവേഴിസിറ്റി ജേർണലിസം വകുപ്പ് ചെയർമാൻ ഡോ. കെ.വി. നാഗരാജനെ പ്രസിഡണ്ടായും തെരഞ്ഞെടുത്തു.

വൈസ് പ്രസിഡണ്ടായി എം.ജി. കാശി വിദ്യാപീഠ് വകുപ്പ് മേധാവി പ്രൊഫ. റാം മോഹൻ പഥക്, ട്രഷററായി ആസാം സെൻട്രൽ യൂണിവേഴ്സിറ്റി ഡീൻ പ്രൊഫ. ജി.പി പാണ്ഡേ, ജോയിന്റ് സെക്രട്ടറിമാരായി ലക്നോ യൂണിവേഴ്സിറ്റി വകുപ്പ് മേധാവി ഡോ. ആർ.സി.ത്രിപാഠി, ഹരിയാന ജമ്പേശ്വർ ടെക്നിക്കൽ യൂണിവേഴ്സിറ്റി വകുപ്പ് മേധാവി ഡോ. വന്ദന പാണ്ഡേ, ശിവജി യൂണിവേഴ്സിറ്റി (മഹാരാഷ്ട്ര) വകുപ്പ് മേധാവി ഡോ. ഓം പ്രകാശ് കാൽമേ എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. ഭാരവാഹികൾക്ക് മൂന്നുവർഷത്തെ കാലാവധിയാണുള്ളത്.

മലയാള പത്രപ്രവർത്തന മേഖലയിലെ ഉന്നത വ്യക്തിത്വമായ മാടവന, മലയാളത്തിലെ ഏറ്റവും ദീർഘകാല കോളമിസ്റ്റ് എന്ന അംഗീകാരവും നേടിയിട്ടുണ്ട്. പ്രതിച്ഛായയുടെ ഉറ്റ ലേഖകസുഹൃത്തായ മാടവനയുടെ കാഴ്ചവട്ടം എന്ന പംക്തി ഏറെ ശ്രദ്ധിക്കപ്പെട്ടുകഴിഞ്ഞു.

ചരിത്രം

ഡോ. എ.പി.ഇബ്രാഹിംകുഞ്ഞ്

# ഭൂനികുതി ഏർപ്പെടുത്തുന്നു

## മൈസൂറിന്റെ ശക്തിയും മലബാറിന്റെ പ്രാധാന്യവും 3

**മലബാറിലെ ആദ്യ സിവിൽ ഗവർണറായ മദ്ദണ്ണ ഭൂനികുതി പിരിവിന് തുടക്കം കുറിച്ചു. എന്നാൽ 1768ൽ രാജ്യത്തുണ്ടായ ചില ലഹളകൾ ആ സംരംഭത്തെ നിഷ്ഫലമാക്കിക്കളഞ്ഞു. ഗുരുതരമായ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിയ ഹൈദർ യുദ്ധത്തിനു നഷ്ടപരിഹാരം നല്കണമെന്ന വ്യവസ്ഥയിൽ രാജാക്കന്മാരെയും പ്രമുഖരെയും പുന:പ്രതിഷ്ഠിക്കാൻ തീരുമാനിച്ചു. വീണ്ടും തത്സ്ഥാനങ്ങളിലെത്തിയ പ്രമുഖർ ജനങ്ങളെ പീഡിപ്പിക്കുകയും തങ്ങൾ ഇതുവരെ കീഴടങ്ങിയിട്ടില്ലെന്ന് അറിയിക്കുകയും ചെയ്തു.**

**മൈ**സൂറിന്റെ ഭൂനികുതിഭരണമായിരുന്നു മലബാറിലെ അസ്വസ്ഥതയ്ക്കുള്ള മറ്റൊരു കാരണം. മൈസൂറിന്റെ അധിനിവേശത്തിനു മുമ്പുവരെ മലബാറുകാർ ഭൂനികുതി എന്തെന്നറിഞ്ഞിട്ടില്ല. അതുകൊണ്ട് ഹൈദർ മലബാർ പിടിച്ചടക്കിയ ഉടനെ തന്നെ ഭൂനികുതി ഭരണരീതി നടപ്പാക്കാൻ നിശ്ചയിച്ചു.

മലബാറിലെ ആദ്യ സിവിൽ ഗവർണറായ മദ്ദണ്ണ ഭൂനികുതി പിരിവിന് തുടക്കം കുറിച്ചു. എന്നാൽ 1768ൽ രാജ്യത്തുണ്ടായ ചില ലഹളകൾ ആ സംരംഭത്തെ നിഷ്ഫലമാക്കിക്കളഞ്ഞു. ഗുരുതരമായ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിയ ഹൈദർ യുദ്ധത്തിനു നഷ്ടപരിഹാരം നല്കണമെന്ന വ്യവസ്ഥയിൽ രാജാക്കന്മാരെയും പ്രമുഖരെയും പുന:പ്രതിഷ്ഠിക്കാൻ തീരുമാനിച്ചു. വീണ്ടും തത്സ്ഥാനങ്ങളിലെത്തിയ പ്രമുഖർ ജനങ്ങളെ പീഡിപ്പിക്കുകയും തങ്ങൾ ഇതുവരെ കീഴടങ്ങിയിട്ടില്ലെന്ന് അറിയിക്കുകയും ചെയ്തു.

ജീവിതത്തിന്റെ നല്ലൊരു പങ്ക് മലബാറിൽ ചെലവാക്കിയ മർഡോക് ബ്രൗൺ, ഈ പ്രമുഖർ നടപ്പാക്കിയ പീഡനനടപടികളുടെ ഒരു റിപ്പോർട്ട് തയ്യാറാക്കി ഫ്രാൻസിസ് ബുക്കാനനു നല്കി. ബ്രൗൺ പറയുന്നു, "മലബാറിലെ പ്രമുഖർ ജനങ്ങളുടെ മേൽ സ്ഥാപിതതാത്പര്യമുള്ള ഏകാധിപതികളായിരുന്നു. അവരുടെ പ്രത്യേകാധികാരം പരിമിതമായിരുന്നെങ്കിലും ഫ്യൂഡൽ സമ്പ്രദായത്തിൽ സുഖിക്കുന്നവരായിരുന്നു. അവരുടെ കീഴിലുള്ള ഭൂമിയിൽനിന്ന് നികുതി പിരിക്കാനോ ഈ ജില്ലയിൽ നേരിട്ട് അധികാരം നടപ്പാക്കാനോ പാടില്ലായിരുന്നു. മുമ്പുണ്ടായിരുന്ന സ്ഥാനമൊന്നും ഇപ്പോൾ രാജാവിനില്ല. ഫ്യൂഡൽ കുലീനന്മാരുടെ പരിമിതാധികാരങ്ങളോടു കൂടിയ തലവനായിരിക്കുന്നു രാജാവ്. എന്നാൽ ഏകാധിപതിയായ ഒരു രാജാവിന്റെ എല്ലാ അധികാരങ്ങളുമുള്ള നിയുക്താധികാരിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കീഴിലായിരുന്നു പട്ടാളം. അതിനാൽ തന്റെ ആജ്ഞ അനുസരിക്കാത്തവരും ലഹളയ്ക്കു തയ്യാറാകുന്നവരുമായ പ്രമുഖരെ പ്രഹരിക്കാനും അടിച്ചമർത്താനും കഴിയുമായിരുന്നു. രാജാക്കന്മാരുടെ കീഴിലുള്ള പ്രജകളുടെ നില മുമ്പുണ്ടായിരുന്ന കാനറക്കാർ അല്ലെങ്കിൽ ബ്രാഹ്മണരുടെ ഗവൺമെണ്ടിനെക്കാൾ പരിതാപകരമായിരുന്നു. നിസ്സഹായരായ പ്രജകളുടെ കേന്ദ്രങ്ങൾ രാജാക്കന്മാർ പിടിച്ചെടുത്തു.

ചുരുങ്ങിയ കാലംകൊണ്ട് അവരിൽ പലരും സമ്പത്തു വാരിക്കൂട്ടി. അത് അവരുടെ പൂർവികർ അറിയാത്ത സമ്പത്തായിരുന്നു. അവർ ഹൈദറെ പ്രോത്സാഹിപ്പിച്ചു. അതിനാൽ ഹൈദറുടെ കീഴിൽ മുമ്പുണ്ടായിരുന്നതിനെക്കാൾ സുഖമായിട്ടാണവർ ജീവിച്ചത്. അതുകൊണ്ട് രാജ്യത്തെ സമ്പത്തിലും ജനസംഖ്യയിലും കുറവനുഭവപ്പെടാൻ തുടങ്ങി. ബ്രൗൺ തുടരുന്നു, "ഈ പിടിച്ചുപറി അവസാനിപ്പിക്കാൻ മറ്റൊന്നിനും കഴിഞ്ഞില്ല. രാജാവിനെതിരായി പ്രതികരിക്കാൻ ഒരു ജനവും തയ്യാറാവുകയില്ല. കാരണം, പ്രതികരിക്കുന്നവരെ കൊന്നുകളയുമായിരുന്നു".

ഇവരുടെ കീഴിൽ ധാരാളം ലഹളയുണ്ടാകാറുണ്ട്. ഇത്തരം ഭരണാധികാരികളെ 1773ൽ ഹൈദർ ദൂരെയെറിഞ്ഞു.

എന്നിട്ട് ഹൈദർ വീണ്ടും മലബാറിൽ നേരിട്ടു ഭരണം തുടങ്ങി. ശ്രീനിവാസറാവു ആയിരുന്നു സിവിൽ ഗവർണർ. സാമ്രാജ്യത്തിന്റെ മറ്റുഭാഗങ്ങളിലേതുപോലെ ശരിയായ രീതിയിലുള്ള അന്വേഷണം നടത്തി ക്രമപ്രകാരമുള്ള ഭൂനികുതി ഏർപ്പെടുത്തി. പൂർണിയ, സോലെറ്റ്ഖാൻ എന്നിവരുടെ നേതൃത്വത്തിൽ കൃഷിഭൂമിയുടെ സർവേ നടത്തി. വീട്ടുടമയുമായി ആലോചിച്ചാണ് നികുതി ചിട്ടപ്പെടുത്തിയത്. അതേപ്പറ്റി ലോഗൻ പറയുന്നതിപ്രകാരമാണ്, "ഹൈദറുടെയും ടിപ്പുവിന്റെയും ക്രൂരമായ ഭരണംമൂലം നമ്പൂതിരിമാരും നായർ പ്രമുഖന്മാരും മലബാറിൽനിന്നോടിപ്പോയി". ഹൈദറുടെ കീഴിൽ ചിറയ്ക്കൽ ജില്ലാ കളക്ടറായിരുന്ന ഊദത്തറോ പറയുന്നത് ലോഗന്റെ നിഗമനത്തിനു വിരുദ്ധമായിട്ടാണ്. അദ്ദേഹം ജോയിന്റുകമ്മീഷനു മുമ്പിൽ വിവരിക്കുന്നു. "ഈ രാജ്യത്തെ ജന്മിമാർ ഭൂരിപക്ഷവും നമ്പൂതിരിമാരാണ്. അവർ കൃഷിചെയ്യുകയോ കച്ചേരിയിൽ പങ്കെടുക്കുകയോ ചെയ്യുന്നില്ല.

നികുതിചുമത്തലിന്റെ വിശദാംശങ്ങൾ 1773ൽ ബുക്കാനൻ നല്കി. താഴ്ന്നനിരപ്പായിരുന്നു (പാടം) ഭാഗികമായി കൃഷിയോഗ്യമായ ഭൂമി. അതിന് നെഗഡി എന്നറിയപ്പെടുന്ന നികുതി ചുമത്തിയിരുന്നു.

നമ്പൂതിരിമാരുടെ മിക്കവാറും എല്ലാ വസ്തുക്കളെയും നികുതിയിൽനിന്ന് ഒഴിവാക്കിയിരുന്നു. നെഗഡി ആദ്യമായി ബാധിക്കുന്നത് അവരെയാണ്. വ്യവസ്ഥപ്രകാരം അവർക്കു നീക്കിവച്ചിട്ടുള്ള ഭാഗംകൊണ്ട് ഈ നികുതിയടയ്ക്കാൻ മതിയാകുമായിരുന്നില്ല. ചുമത്തിയിട്ടുള്ള നികുതിയുടെ പലിശയിൽനിന്ന് ഉടമകളെ ഒഴിവാക്കിയിരുന്നു. ബാക്കി കാണക്കാരന്റെ മേലായിരിക്കും. ക്ലേശം കൂടാതെ അവർക്ക് അതടയ്ക്കാൻ കഴിയുമായിരുന്നു. ആദ്യകാലത്തെ നികുതി ചുമത്തലിനെ സംബന്ധിച്ചിടത്തോളം ഇതു ശരിയാണ്. എന്നാൽ അർവിദ് ബഗ്ഖാന്റെ കാലത്ത് നികുതി കുറച്ചിരുന്നു.

ഊദത്ത്റോയുടെ വാക്കുകളിൽ, അർഷദ് ബഗ്ഖാന്റെ തീർപ്പനുസരിച്ച്, ഒരു പറ വിത്തുവിതച്ചാൽ പത്ത് പറ വിളവുകിട്ടും. അതിൽ അഞ്ചര പറ കൃഷിക്കാരനും നാലര പറ ജന്മിക്കുമാണ്. പറയ്ക്ക് ഒരു പണമാണ് നികുതി. അതിൽ മൂന്നു പണം ഗവൺമെണ്ടിനും ഒന്നര പണം ജന്മിക്കുമാണ്. പറമ്പുകൾ അല്ലെങ്കിൽ കുരുമുളക് വള്ളികളോടു കൂടിയ വൃക്ഷങ്ങൾക്കും അതുപോലുള്ള നികുതി ചുമത്തുന്നു. അതിൽ പകുതി ജന്മിക്കും പകുതി ഗവൺമെണ്ടിനുമാണ്.

ചുരുക്കം ചില ജന്മിമാർക്ക് അർഹതപ്പെട്ട വരുമാനത്തിന്റെ നല്ലൊരു ഭാഗം ലഭിച്ചിരുന്നില്ല എന്ന കാര്യം വ്യക്തമാണ്. മൈസൂർ ഭരണകാലത്ത് പല കുഴപ്പങ്ങൾക്കും കാരണം ജന്മിമാരായിരുന്നു. അല്ലാതെ ഭൂരിപക്ഷമായ കൃഷിക്കാരും കുടികിടപ്പുകാരുമല്ല. നിശ്ചയിച്ചിരുന്ന നികുതി നിരക്ക് കൂടുതലായിരുന്നില്ല എന്നും ബുക്കാനൻ പറയുന്നു. മലമ്പ്രദേശങ്ങൾക്കപ്പുറത്തുള്ള കൃഷിക്കാർ ഉത്പന്നത്തിന്റെ പകുതി നികുതിയായി കൊടുക്കണമായിരുന്നു. ഫലപുഷ്ടി കുറഞ്ഞ മണ്ണും കാലാവസ്ഥയുമാണ് അവിടെയുള്ളത്. എന്നിരുന്നാലും അവർ ഒരു ബഹളവും ഉണ്ടാക്കിയിരുന്നില്ല. ഭൂനികുതി മലബാറിന് പുതുമയായിരുന്നു. അത് ജനങ്ങൾക്ക് അസഹ്യവുമായിരുന്നു.

*(തുടരും)*

**മൈസൂർ ഭരണകാലത്ത് പല കുഴപ്പങ്ങൾക്കും കാരണം ജന്മിമാരായിരുന്നു. അല്ലാതെ ഭൂരിപക്ഷമായ കൃഷിക്കാരും കുടികിടപ്പുകാരുമല്ല. നിശ്ചയിച്ചിരുന്ന നികുതി നിരക്ക് കൂടുതലായിരുന്നില്ല എന്നും ബുക്കാനൻ പറയുന്നു. മലമ്പ്രദേശങ്ങൾക്കപ്പുറത്തുള്ള കൃഷിക്കാർ ഉത്പന്നത്തിന്റെ പകുതി നികുതിയായി കൊടുക്കണമായിരുന്നു. ഫലപുഷ്ടി കുറഞ്ഞ മണ്ണും കാലാവസ്ഥയുമാണ് അവിടെയുള്ളത്. എന്നിരുന്നാലും അവർ ഒരു ബഹളവും ഉണ്ടാക്കിയിരുന്നില്ല. ഭൂനികുതി മലബാറിന് പുതുമയായിരുന്നു. അത് ജനങ്ങൾക്ക് അസഹ്യവുമായിരുന്നു.**

## 'ഇന്ത്യാ കാപ്പാത്തുങ്കോ'!

>> 3

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നല്കാനായി ഇംഗ്ലണ്ട് തീരുമാനിച്ചപ്പോൾ കമ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാട് എന്തായിരുന്നുവെന്ന് ഇഎംഎസ്സ് എഴുതിയ 'കമ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ' എന്ന പുസ്തകത്തിലുണ്ട്. 'കോൺഗ്രസുകാരും മറ്റു ദേശീയവാദികളും അവകാശപ്പെടുന്നതുപോലെ ഏകരാഷ്ട്രമോ മുസ്ലീംലീഗു വാദിച്ചിരുന്നതുപോലെ ദ്വിരാഷ്ട്രമോ അല്ല ഇന്ത്യ; ഇവിടെ വസിക്കുന്ന ഓരോ ഭാഷാസംസ്കാര വിഭാഗവും ഓരോ രാഷ്ട്രമാണ്. അവർക്കെല്ലാം സ്വയം നിർണയവകാശം അനുവദിക്കപ്പെടണം". അരാജകത്വം സ്വപ്നം കാണുന്ന രാഷ്ട്രസിദ്ധാന്തവാദികളിൽ നിന്ന് ശ്രീലങ്കപ്രശ്നത്തിലും ഈവിധമുള്ള നിലപാടാണ് ഉണ്ടായിരിക്കുന്നത്.

പാലസ്തീനുവേണ്ടി, ക്യൂബയ്ക്കുവേണ്ടി, ഇറാനുവേണ്ടി ശബ്ദിക്കുന്ന മാർക്സിസ്റ്റ് പാർട്ടി ശ്രീലങ്കയിലെ നിരപരാധികളായ തമിഴർക്കു വേണ്ടി വാദിക്കാത്തത് ചൈന ശ്രീലങ്കയിലെ സിംഹള പാർട്ടികൾ നയിക്കുന്ന ശ്രീലങ്കൻ ഗവൺമെണ്ടിനെ അനുകൂലിക്കുന്നതുകൊണ്ടാണ്. തമിഴർ കേരളത്തിലും ബംഗാളിലും ത്രിപുരയിലും വോട്ടുബാങ്ക് അല്ലാത്തതും മറ്റൊരു കാരണമാണ്.

